

THURSDAY 14-07-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : Suraj S** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/07/2022.

1. **കർഷക ക്ഷേമനിധി അംഗത്വ രജിസ്ട്രേഷൻ ക്യാമ്പയിൻ**

കേരള കർഷക ക്ഷേമനിധി ബോർഡ് അംഗത്വ രജിസ്ട്രേഷൻ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാതല ബോധവൽക്കരണ പരിപാടിയും സൗജന്യ അംഗത്വ രജിസ്ട്രേഷൻ ക്യാമ്പയിനും 16.07.2022 ന് രാവിലെ 9 മണിക്ക് നന്മണ്ട എ.യു.പി. സ്കൂളിൽ വച്ച് നടത്തുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഷീജ ശശിയുടെ അധ്യക്ഷതയിൽ ചേരുന്ന പരിപാടി വനം വന്യജീവി വകുപ്പ് മന്ത്രി .എ. കെ.ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് നന്മണ്ട കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വിവിധ കൃഷി വിജ്ഞാന കേന്ദ്രങ്ങളിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ധനസഹായത്തിൽ ആരംഭിക്കുന്ന പദ്ധതികളിലേക്കു സീനിയർ റിസർച്ച് ഫെലോയുടെ നാല് താത്കാലിക ഒഴിവുകളിലേക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. മണ്ണാർകാട് പോൾട്രി ഫാമിൽ വിരിയിച്ച 45 ദിവസം മുതൽ 60 ദിവസം വരെ പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ നൂറ്റിയിരുപത് രൂപ നിരക്കിൽ ഈ മാസാവസാനം തലയാഴം മൃഗാശുപത്രി വഴി വിതരണം ചെയ്യുന്നതാണെന്ന് തലയാഴം സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി ഈ മാസം ഇരുപതാം തീയതിയ്ക്കുമുൻപായി തലയാഴം മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണ്.

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനങ്ങളുടെ ശുപാർശ, നടീൽവസ്തുക്കളുടെ ഉത്പാദനം എന്നിവയിൽ 2022 ജൂലൈ 19-ന് കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ/കോഴ്സുകൾ

5. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 14) രാവിലെ 11 മണിക്ക് **ഗ്രോബാഗിലെ പച്ചക്കറികൃഷി- ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ സർവ്വീസ് ഫോർ ഇൻപുട്ട് ഡീലേഴ്സ് എന്ന കോഴ്സിലേയ്ക്ക് തിരുവനന്തപുരം ജില്ലയിൽ അപേക്ഷ ക്ഷണിയ്ക്കുന്നു. കൃഷി ഓഫീസറുടെ ശുപാർശ പ്രകാരം ഈ മാസം 30 ന് മുമ്പായി തിരുവനന്തപുരം കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ പ്രവർത്തിയ്ക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷകൾ നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു.

7. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഇന്ന് (ജൂലൈ 14) രാവിലെ 10 മണി മുതൽ 4 മണി വരെ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

8. വലിയതുറ തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് **തീറ്റപ്പുൽകൃഷിയും, അസോള, ഹൈഡ്രോപോണിക്സ്, സൈലേജ് നിർമ്മാണം** തുടങ്ങിയ വിഷയങ്ങളിൽ നടത്തുവാൻ ഉദ്ദേശിയ്ക്കുന്ന പ്രായോഗിക പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ നാളെ (ജൂലൈ 15) വൈകുന്നേരം 5 മണിയ്ക്ക് മുമ്പ് **0471–2501706** എന്ന ഫോൺ നമ്പരിലോ, **8078599881, 9400831831** എന്നീ വാട്ട്സാപ്പ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പരുകളിലോ, sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ പേരും മേൽവിലാസവും അറിയിക്കേണ്ടതാണ്.

9. **പാലക്കാട് കൃഷിവിജ്ഞാന കേന്ദ്രം നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

a) **നെല്ലിലെ ബാക്ടീരിയൽ ഓലകരിച്ചിൽ രോഗത്തിനെ പ്രതിരോധിയ്ക്കാനുള്ള നിർദ്ദേശങ്ങൾ**

- ഞാറ്റടിയിൽ ബാക്ടീരിയൽ ഓലകരിച്ചിൽ രോഗം കാണാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി ഇരുപതു ഗ്രാം പച്ചച്ചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തളിയ്ക്കുക.
- ഞാറു പറിച്ചു നടുമ്പോൾ ഞാറുകൾ സ്യൂഡോമോണാസ് ഇരുപതു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നേർപ്പിച്ച ലായനിയിൽ മുക്കിവച്ച ശേഷം നടുക
- രോഗം അധികരിയ്ക്കുകയാണെങ്കിൽ രണ്ടു ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ പത്തുലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുക
- ഞാറു പറിച്ചു നട്ടതിനുശേഷം നെൽപാടങ്ങളിൽ രോഗം ശ്രദ്ധയിൽ പെട്ടാൽ ഒരേക്കറിന് രണ്ടു കിലോഗ്രാം ബ്ലീച്ചിങ്ങ് പൌഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടു കൊടുക്കുക.

b) **വാഴയിലെ സിഗട്ടോക്ക രോഗത്തിനെ പ്രതിരോധിയ്ക്കാനുള്ള നിർദ്ദേശങ്ങൾ**

- വാഴയിലെ സിഗട്ടോക്ക രോഗത്തിനെതിരെ ഇരുപതു ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നേർപ്പിച്ച ലായനി തളിച്ചു കൊടുക്കുക.
- രോഗം മൂർച്ഛിയ്ക്കുന്ന അവസ്ഥയിൽ ഒരു മില്ലി പ്രൊപ്പികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തെളിഞ്ഞ കാലാവസ്ഥയിൽ തളിച്ചു കൊടുക്കുക.

10. **ആഫ്രിക്കൻ സൈ്വൻ ഫീവർ - സംസ്ഥാന സർക്കാർ മൃഗസംരക്ഷണ വകുപ്പ് നൽകുന്ന അറിയിപ്പ്**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പന്നികളെ ബാധിയ്ക്കുന്ന മാരകമായ സാംക്രമിക രോഗമാണ് ആഫ്രിക്കൻ സൈ്വന് ഫീവർ. മനുഷ്യരിലോ, പന്നികളൊഴികെയുള്ള മറ്റ് ജന്തുവർഗ്ഗങ്ങളിലോ ഈ രോഗമുണ്ടാകുന്നില്ല. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ബിഹാറിലും രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ രോഗബാധ തടയുന്നതിനായി മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ സംസ്ഥാനത്ത് ആശങ്കപ്പെടേണ്ട സാഹചര്യം ഇല്ലെന്നും മൃഗസംരക്ഷണ വകുപ്പ് അറിയിക്കുന്നു.

- പന്നികളിൽ രോഗലക്ഷണമോ മരണമോ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണം
- പന്നി ഫാമുകളിൽ ബയോ സെക്യൂരിറ്റി, മാലിന്യനിർമാർജനം എന്നിവ കാര്യക്ഷമമാക്കണം
- കുടപ്പനക്കുന്ന് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ടിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിലെ (SADEC) 0471 2732151 എന്ന ഫോൺ നമ്പരിൽ കർഷകർക്ക് വിവരങ്ങൾ വിളിച്ചറിയിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം